No. CEE /451/2011/TA III

# കേരള സർക്കാർ

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
## ശാന്തി നഗർ, തിരുവനന്തപുരം

<u>വിജ്ഞാപനം</u>

## ബിരുദാനന്തര ബിരുദ മെഡിക്കൽ/സർജ്ജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ – 2011

1. തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ താഴെപറയുന്ന മെഡിക്കൽ/ സർജ്ജിക്കൽ ബിരുദാനന്തര ബിരുദ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളിലേയ്ക്കുള്ള 2011 ലെ പ്രവേശനപരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

| | |
|---|---|
| 1. എം.സി.എച്ച് പീഡിയാട്രിക് സർജറി | 6. എം.സി.എച്ച് ഗാസ്ട്രോ എൻട്രോളജി സർജറി |
| 2. എം.സി.എച്ച് പ്ളാസ്റ്റിക് സർജറി | 7. ഡി.എം.കാർഡിയോളജി |
| 3. എം.സി.എച്ച് ജനിറ്റോ യൂറിനറി സർജറി | 8. ഡി.എം.ഗാസ്ട്രോ എൻട്രോളജി |
| 4. എം.സി.എച്ച് തൊറാസിക് സർജറി | 9. ഡി.എം.ന്യൂറോളജി |
| 5. എം.സി.എച്ച് ന്യൂറോ സർജറി | 10. ഡി.എം.നെഫ്രോളജി |

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**

(a) **നേറ്റിവിറ്റി:** താഴെപ്പറയുന്നവയിൽ ഏതെങ്കിലും യോഗ്യതയുണ്ടായിരിക്കണം.

(i) അപേക്ഷകൻ കേരളത്തിൽ ജനിച്ച ഇൻഡ്യൻ പൗരനായിരിക്കണം

(ii) കേരളത്തിലെ ഏതെങ്കിലും മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. അല്ലെങ്കിൽ പി.ജി.കോഴ്സിന് പഠിച്ചവരായിരിക്കണം.

(iii) പ്രാദേശിക ഭേദമന്യേ ഇന്ത്യയിലെ എല്ലാ പ്രദേശത്തുമുള്ള പൗരന്മാർക്കും ബിരുദാനന്തര ബിരുദ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സ് പ്രവേശനത്തിന് അനുവാദം നല്കിയിട്ടുള്ള ഇന്ത്യൻ സംസ്ഥാനങ്ങളിൽ/ കേന്ദ്രഭരണപ്രദേശങ്ങളിൽ നിന്നുള്ള ഇന്ത്യൻ പൗരന്മാരായിരിക്കണം.

(b) **വിദ്യാഭ്യാസ യോഗ്യതകൾ**:

(i) എം.ബി.ബി.എസ് ബിരുദവും, കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നും ലഭിച്ചതോ മറ്റ് സർവ്വകലാശാലകളിൽ നിന്നും ലഭിച്ചതും കേരളത്തിലെ സർവ്വകലാശാലകൾ തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതുമായ MD/MS/Dip.NB ബിരുദം ഈ വർഷം യോഗ്യതാ പരീക്ഷ എഴുതിയവർക്കും അപേക്ഷിക്കാം. കൗൺസിലിംഗ് വേളയിൽ അവർ പി.ജി. ഡിഗ്രി സർട്ടിഫിക്കറ്റ് ഹാജരാക്കണം.

(ii) **രജിസ്ട്രേഷൻ**: കൗൺസിലിംഗിനു ഹാജരാകുമ്പോൾ അപേക്ഷകർ എം.ബി.ബിഎസ്സ്, പി.ജി. ബിരുദങ്ങൾക്കുള്ള റ്റി.സി. മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

(c) **വയസ്സ്:** അപേക്ഷ സ്വീകരിക്കുന്ന അവസാന ദിവസമായ **14.06.2011-ന്** ഉയർന്ന പ്രായപരിധി ജനറൽ മെറിറ്റിൽ അപേക്ഷിക്കുന്നവർക്ക് 45 വയസ്സും സർവ്വീസ് ക്വോട്ട യിൽ അപേക്ഷിക്കുന്ന ഹെൽത്ത് സർവ്വീസ് വിഭാഗക്കാർക്ക് 47 വയസ്സും, മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ് വിഭാഗക്കാർക്ക് 52 വയസ്സും കവിയരുത്.

3 **തെരഞ്ഞെടുപ്പും പ്രവേശന പരീക്ഷയും:** സർവ്വീസ് വിഭാഗമുൾപ്പെടെയുള്ള എല്ലാ വിഭാഗം അപേക്ഷകരും പ്രവേശന പരീക്ഷാകമ്മിഷണർ നടത്തുന്ന പ്രവേശന പരീക്ഷ എഴുതേണ്ടതും നിശ്ചിത യോഗ്യതയായ 50% മാർക്ക് പേപ്പർ-I ന് നേടേണ്ടതുമാണ്. SEBC/SC/ST വിഭാഗത്തിലുള്ളവർ 40% മാർക്ക് നേടിയിരിക്കണം. എന്നാൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് ഒന്നും രണ്ടും പേപ്പറുകളുടെ ആകെ മാർക്കായിരിക്കും പരിഗണിക്കുന്നത്. ജനറൽ മെറിറ്റ് സീറ്റുകളിലേക്കുള്ള പ്രവേശനം പ്രവേശന പരീക്ഷയിലെ റാങ്കിൻെറ അടിസ്ഥാനത്തിലായിരിക്കും. സർവ്വീസ് വിഭഗക്കാർക്കായി മാത്രം സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്കുള്ള പ്രവേശനം പ്രവേശന പരീക്ഷയിൽ നിശ്ചിത യോഗ്യത നേടിയ സർവ്വീസ് വിഭാഗക്കാരിൽ നിന്നും സർവ്വീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലായിരിക്കും.

**പ്രവേശന പരീക്ഷ 2011 ജൂൺ മാസം 23,24** തീയതികളിൽ തിരുവനന്തപുരത്ത് നടത്തു ന്നതാണ്. ഒന്നര മണിക്കൂർ വീതം ദൈർഘ്യമുള്ള രണ്ടു പേപ്പറുകളുള്ള പരീക്ഷയുടെ ചോദ്യങ്ങൾ ഒബ്ജക്ടീവ് മാതൃകയിലുള്ളതായിരിക്കും. അപേക്ഷാർത്ഥികൾ പരീക്ഷ യുടെ ഒന്നും രണ്ടുംപേപ്പറുകൾ നിർബന്ധമായും എഴുതേണ്ടതാണ്. അല്ലാത്ത പക്ഷം പ്രവേശനത്തിന് അവരെ പരിഗണിക്കുന്നതല്ല. കോഴ്സ്, യോഗ്യത എന്നിവയുടെ വിശദ വിവരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള പ്രോസ്പെക്ടസ്സിൽ ലഭ്യമാണ്.

4 **അപേക്ഷ സമർപ്പിക്കേണ്ട വിധം:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകരും www.cee-kerala.org എന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള പൊതു അപേക്ഷാഫോം ഉപയോഗിച്ച് **ഓൺലൈനായി** അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പ്രോസ്പെക്ടസ്സും ഇതേ വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പ്രോസ്പെക്ടസ്സ് ക്ലോസ് VII -ൽ വിശദമാക്കിയിട്ടണ്ട്. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനു ശേഷം അപേക്ഷയുടെ പ്രിന്റൗട്ട് എടുക്കേണ്ടതും, അതിനോടൊപ്പം ലഭിക്കുന്ന ബാങ്ക് ചെലാൻ ഉപയോഗിച്ച് SBT യുടെ ഏതെങ്കിലും ശാഖയിൽ അപേക്ഷാ ഫീസ് അടയ്ക്കേണ്ടതുമാണ്. ജനറൽ/സർവ്വീസ് വിഭാഗം അപേക്ഷാഫീസ് 1500/− രൂപ; SC/ST വിഭാഗം അപേക്ഷാഫീസ് 750/- രൂപ ജനറൽ മെറിറ്റ് ക്വോട്ടയിൽ കൂടി അപേക്ഷിക്കുന്ന സർവ്വീസ് വിഭാഗം അപേക്ഷകർ മൊത്തം 3000/− രൂപ അട യ്ക്കേണ്ടതാണ്. അപേക്ഷാ ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. അപേക്ഷാഫോമുകൾ മെഡിക്കൽ കോളേജുകളിലോ പ്രവേശന പരീക്ഷാ കമ്മീഷണ റുടെ ഓഫീസിലോ ലഭിക്കുന്നതല്ല. ഓൺലൈനായി സമർപ്പിച്ച അപേക്ഷാഫോമിന്റെ പ്രിന്റൗട്ടിൽ അപേക്ഷകർ തങ്ങളുടെ പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ ഒട്ടിച്ച് സ്വയം സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഈ പ്രിന്റൗട്ട്, അപേക്ഷാഫീസ് ബാങ്കിൽ അടച്ച തിന്റെ ഒറിജിനൽ ചെലാൻ, പ്രോസ്പെക്ടസ്സിൽ ക്ളോസ് VII(e) യിൽ പറഞ്ഞിട്ടുള്ള രേഖകൾ സഹിതം നേരിട്ടോ അല്ലെങ്കിൽ രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക **14.06.2011** വൈകുന്നേരം **5** മണിക്ക് മുൻപ് സമർപ്പിക്കേണ്ടതാണ്.

വിലാസം: **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001.**

സർവ്വീസ് ക്വോട്ടയിലേക്ക് അപേക്ഷിക്കുന്ന അപേക്ഷാർത്ഥികൾ അപേക്ഷകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കുകയും അപേക്ഷയുടെ ഒരു കോപ്പി ആവശ്യമായ സർവ്വീസ് രേഖകൾ സഹിതം 14.06.2011 വൈകിട്ട് 5 മണിക്ക് മുൻപ് അവരുടെ കൺട്രോളിംഗ് ആഫീസർക്ക് (DME/DHS) കൂടി സമർപ്പിക്കേണ്ടതുമാണ് .വൈകി ലഭിക്കുന്നതും, അപാകതയുള്ളതും അപൂർണ്ണവുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇത് സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല.

5. മാർക്ക് ആനുകൂല്യത്തിന് അപേക്ഷിക്കുന്ന SEBC വിഭാഗക്കാർ വില്ലേജാഫീസറിൽ നിന്നുള്ള ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും (വാർഷിക വരുമാനം നാലര ലക്ഷം കവിയാത്തത്)അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. SC/ST വിഭാഗക്കാർ അപേക്ഷയോടൊപ്പം തഹസിൽദാറിൽ നിന്നും ലഭിക്കുന്ന ജാതി സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

6. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാകമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

7. **അഡ്മിറ്റ് കാർഡ്-** പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് പ്രവേശന പരീക്ഷാകമ്മീഷണറുടെ www.ceekerala.org എന്ന വെബ്സൈറ്റിൽ നിന്നും 18/06/2011 മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

8 **റാങ്ക് ലിസ്റ്റ്**: പ്രവേശന പരീക്ഷയിൽ നിശ്ചിത യോഗ്യത നേടുന്ന അപേക്ഷാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റിൽ (www.cee-kerala.org) പ്രസിദ്ധീകരിക്കുന്നതും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു കൊടുക്കുന്നതുമാണ്.

9. **പ്രവേശനം**: സർവ്വീസ് ക്വാട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ്, പ്രവേശനം എന്നിവ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ, സർക്കാർ അംഗീകൃത പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നടത്തുന്നതാണ്.

10. സർക്കാർ അംഗീകരിച്ച്, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ളതും www.cee-kerala.org എന്ന വെബ് സൈറ്റിൽ ലഭ്യമായിട്ടുള്ളതുമായ 2011 ലെ ബിരുദാനന്തര ബിരുദ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളുടെ പ്രോസ്പെക്ടസ്സിലുള്ള വ്യവസ്ഥകൾ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് എല്ലാ അപേക്ഷകരും ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം
**30.05.2011**

ബി.എസ്.മാവോജി ഐ.എ.എസ്
**പ്രവേശന പരീക്ഷാ കമ്മീഷണർ**